'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 772 04.03.2020 ൽ മറുപടിയ്ക്ക്

വന്യജീവി ആക്രമണ സംരക്ഷണം

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണം പരിഹരിക്കുന്നതിനായി വനാതിർത്തിയിൽ സംരക്ഷണവേലിയും, ഭിത്തിയും നിർമ്മിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | കണ്ണൂർ ഡിവിഷനിൽ 2019-2020-ലെ എ.പി.ഒ യിൽ എം.ആർ.എം.എ.സി ശീർഷകത്തിൽ സോളാർ ഫെൻസിങ്ങിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 11 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇരിക്കൂർ മണ്ഡലത്തിലെ വനാതിർത്തികളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ ആണ് നിർമ്മിക്കുന്നതെന്നും അതിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | (ബി) | തളിപ്പറമ്പ് റെയിഞ്ചിൽ ശ്രീകണ്ഠാപുരം സെക്ഷനിലെ ആടാംപാറ മുതൽ പീടികക്കുന്ന് വരെ 13 കിലോമീറ്റർ ഫെൻസിങ്ങ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലിൽ 7 കിലോമീറ്റർ ചെയ്യുന്നതിന് 11 ലക്ഷം രൂപയ്ക്കുള്ള അടങ്കൽ അംഗീകരിക്കുകയും ആയത് പ്രകാരം ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും കർഷകർക്കും നഷ്ടപരിഹാരം നൽകാനുള്ള അപേക്ഷകളിൻമേൽ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (സി) | വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും കർഷകർക്കും നഷ്ടപരിഹാരം നല്കാനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി നഷ്ടപരിഹാരത്തുക കണക്കാക്കുകയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നല്കിവരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ